22
2026
ജനുവരി
വ്യാഴം
മകരം ٩

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ്
കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം | Thiruvananthapuram | web: www. nauticaltimesmedia.com | Volume-7, Issue No. 23 Page 4, | Price: Rs. 2 | പുസ്തകം-7 ലക്കം-23 | പേജ് 4. വില 2.00 രൂപ

02 വിസ്മയ മോഹൻലാൽ ചിത്രം'തുടക്കം' വൈറലാവുന്നു...
03 ലോക സാമ്പത്തിക ഫോറം: ആഗോള ശ്രദ്ധയാകർഷിച്ച് കേരള പവലിയൻ
04 ഓരോ ഭിന്നശേഷി വ്യക്തിയും നാടിന്റെ അഭിമാനമെന്ന് മുഖ്യമന്ത്രി

### യുവതയുടെ സ്വപ്നങ്ങൾക്ക് ചിറകുനൽകി

# മുഖ്യമന്ത്രിയുടെ 'കണക്ട് ടു വർക്ക് പദ്ധതിക്ക്' തുടക്കമായി

തിരുവനന്തപുരം: കേരളത്തിലെ യുവജനങ്ങളെ തൊഴിൽസജ്ജരാക്കാനും അവരെ ഉൽപ്പാദന മേഖലയുടെ ഭാഗമാക്കാനും ലക്ഷ്യമിട്ടുള്ള സംസ്ഥാന സർക്കാരിന്റെ 'മുഖ്യമന്ത്രിയുടെ കണക്ട് ടു വർക്ക് പദ്ധതിക്ക്' തലസ്ഥാനത്ത് തുടക്കം കുറിച്ചു. തിരുവനന്തപുരം നിശാഗന്ധി ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം നിർവ്വഹിച്ചു. പഠനം പൂർത്തിയാക്കിയ ശേഷം നൈപുണ്യ പരിശീലനത്തിലോ മത്സരപരീക്ഷാ തയ്യാറെടുപ്പിലോ ഏർപ്പെട്ടിരിക്കുന്ന യുവജനങ്ങൾക്ക് ആത്മവിശ്വാസം പകരുക എന്ന ലക്ഷ്യത്തോടെയാണ് പ്രതിമാസം 1000 രൂപ വീതം ഒരു വർഷത്തേക്ക് സാമ്പത്തിക സഹായം നൽകുന്ന ഈ പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്.

നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതിയിൽ ആദ്യഘട്ടത്തിൽ തന്നെ 30, 000ത്തിലധികം അപേക്ഷകൾ ലഭിച്ചതായി മുഖ്യമന്ത്രി അറിയിച്ചു. 5 ലക്ഷം രൂപ വരെ വാർഷിക കുടുംബ വരുമാനമുള്ള പ്ലസ്ടു, വി. എച്ച്. എസ്. ഇ, ഐ. ടി. ഐ, ഡിപ്ലോമ, ഡിഗ്രി പഠനം പൂർത്തിയാക്കിയ 18 നും 30 നും ഇടയിൽ പ്രായമുള്ള ഉദ്യോഗാർത്ഥികൾക്കാണ് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുക. നൈപുണ്യ പരിശീലനത്തിൽ പങ്കെടുക്കുന്നവർ/ മത്സര പരീക്ഷകൾക്ക് തയ്യാറെടുക്കുന്നവർക്ക് അപേക്ഷിക്കാം.

കേരളത്തെ ഒരു വൈജ്ഞാനിക സമൂഹമായി പരിവർത്തിപ്പിക്കാനാൻ സംസ്ഥാന സർക്കാർ നടത്തുന്ന ശ്രമങ്ങൾ മുഖ്യമന്ത്രി പരാമർശിച്ചു. പഠനം കഴിഞ്ഞ് തൊഴിൽ അന്വേഷിക്കുക എന്ന പഴയ രീതിയിൽ നിന്നും മാറി, പഠനത്തോടൊപ്പം തൊഴിലും നൈപുണ്യ വികസനവും എന്ന പുതിയ കാഴ്ചപ്പാടിലേക്ക് യുവജനങ്ങൾ എത്തിച്ചേർന്നിരിക്കുന്നു. യുവജനങ്ങളെ വെറും തൊഴിൽ അന്വേഷകർ എന്നതിലുപരി തൊഴിൽ ദാതാക്കളും സംരംഭകരുമാക്കി മാറ്റാനാണ് സർക്കാർ നടപടികളുമായി മുന്നോട്ടുപോകുന്നത്. ആശയങ്ങളെ ഉൽപ്പന്നങ്ങളാക്കി മാറ്റാൻ സഹായിക്കുന്ന സ്റ്റാർട്ടപ്പ് നയമാണ് സംസ്ഥാനം നടപ്പാക്കുന്നത്. 2016ൽ വെറും 300 സ്റ്റാർട്ടപ്പുകൾ ഉണ്ടായിരുന്ന കേരളത്തിൽ ഇന്ന് അവയുടെ എണ്ണം 7,500 കടന്നതായും വെഞ്ചർ ക്യാപിറ്റൽ ഫണ്ടിംഗിലൂടെ 5,500 കോടി രൂപയുടെ നിക്ഷേപം സമാഹരിച്ച് 50, 000 തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞതായും മുഖ്യമന്ത്രി പറഞ്ഞു.

നൈപുണ്യ പരിശീലന പരിപാടികളും, നോളേജ് ഇക്കോണമി മിഷൻ മുഖേനയുള്ള ഇടപെടലുകളും, കൂടാതെ കുട്ടികളെ തൊഴിൽ ഉല്പാദന മേഖലകളുമായി ബന്ധിപ്പിക്കുന്ന കണക്ട് കരിയർ ടു ക്യാമ്പസ്, യങ് ഇന്നോവേറ്റേഴ്സ് പ്രോഗ്രാം എന്നിവഎല്ലാം സജീവമാണ്. ഇവയ്ക്കെല്ലാം പുറമെയാണ് ക്യാമ്പസുകളെ ഉല്പാദന കേന്ദ്രങ്ങളാക്കി മാറ്റാനുതകുന്ന ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്കുകളും സ്ഥാപിക്കുന്നത്. ഇതെല്ലംതന്നെ കുട്ടികൾക്കിടയിൽ പോസിറ്റീവായ മാറ്റങ്ങൾ കൊണ്ടുവന്നു എന്നത് സംശയമില്ലാത്ത കാര്യമാണ്.

കണക്ട് ടു വർക്ക് എന്ന ആശയം മുന്നോട്ടുവെക്കുമ്പോൾ തന്നെ അതിനൊരു മറുപുറം കൂടിയുണ്ട്. കണക്ട് ചെയ്യാനാവശ്യമായ വർക്കുകൾ ഉണ്ടാവുക, അതിനാവശ്യമായ ഉത്പാദന വർദ്ധനവ് ഉണ്ടാവുക എന്നതാണത്. ആ നിലയ്ക്കുള്ള ഇടപെടലുകളും നടത്തിവരുന്നുണ്ട്. സംസ്ഥാനത്തെ അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് തൊഴിൽ ലഭ്യമാക്കാനും, നവലോകത്തിന് അനുസൃതമായ തൊഴിലുകൾക്കുവേണ്ടി അവരെ പ്രാപ്തരാക്കാനും നൈപുണ്യപരിശീലനം നൽകേണ്ടതുണ്ട്. അതിനുള്ള നൂതന പരിപാടിയായി പൊതുജനപങ്കാളിത്തത്തോടെ നടപ്പാക്കുന്ന പരിപാടിയാണ് വിജ്ഞാന കേരളം ജനകീയ ക്യാമ്പയിൻ.

തൊഴിൽമേളകളിലൂടെ തൊഴിൽ നൽകൽ, നൈപുണ്യ പരിശീലനത്തിലൂടെ യുവജനങ്ങളെ തൊഴിൽ സജ്ജരാക്കൽ, ഹൈപ്പർ ലോക്കൽ തൊഴിലുകൾ കണ്ടെത്തി വനിതകൾക്ക് ജോലി നൽകൽ, സുതാര്യമായ വഴികളിലൂടെ വിദേശ ജോലികളുമായി യുവജനങ്ങളെ ബന്ധിപ്പിക്കൽ എന്നിങ്ങനെ നാല് ട്രാക്കുകളിലായാണ് വിജ്ഞാന കേരളത്തിന്റെ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നത്.

വിജ്ഞാന സമ്പദ്‌വ്യവസ്ഥയിലേക്കുള്ള നമ്മുടെ സംസ്ഥാനത്തിന്റെ പരിവർത്തനത്തിൽ വലിയ പ്രാധാന്യമാണ് വിജ്ഞാന കേരളം പരിപാടിക്കുള്ളത്. 35 ലക്ഷത്തോളം വരുന്ന അഭ്യസ്തവിദ്യർക്ക് നൈപുണ്യപരിശീലനം നൽകി, അവരിൽ നിന്ന് ചുരുങ്ങിയത് 20 ലക്ഷം പേർക്കെങ്കിലും നൂതന തൊഴിലുകൾ ലഭ്യമാക്കുക എന്നതാണ് നോളജ് എക്കോണമി മിഷന്റെ ലക്ഷ്യം. അത്തരം പദ്ധതികളിലേക്ക് കൂടുതൽ അന്വേഷകരെ ആകർഷിച്ചെത്തിക്കുവാൻ ഉതകുന്നതാവും കണക്ട് ടു വർക്ക് പദ്ധതിയും. സംസ്ഥാനത്താകെ എം. എസ്. എം. ഇകളെ പ്രോത്സാഹിപ്പിക്കുന്നതും സ്വകാര്യ വ്യവസായ പാർക്കുകൾക്ക് അനുമതി നൽകുന്നതും എല്ലാം അതിന്റെ ഭാഗമായാണ്.

സംസ്ഥാനത്ത് സ്വകാര്യ വ്യവസായ പാർക്കുകൾക്ക് ഇതിനോടകം സംസ്ഥാന സർക്കാർ പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. എം. എസ്. എം. ഇകളുടെ കാര്യമെടുത്താൽ വിപ്ലവകരമായ മാറ്റങ്ങളാണു കേരളത്തിൽ ആ രംഗത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്നത് എന്നു കാണാം. സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി 3,87,999 സംരംഭങ്ങൾ ആരംഭിക്കുന്നതിനും 26,000 കോടി രൂപയുടെ നിക്ഷേപം ആകർഷിക്കുന്നതിനും 3.75 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. സൂക്ഷ്മ ഇടത്തരം വ്യവസായങ്ങളുടെ മേഖലയിൽ മാത്രം 3 ലക്ഷത്തോളം സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതുവഴി 16,000 കോടി രൂപയുടെ നിക്ഷേപവും 5 ലക്ഷത്തിലധികം തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.

## ശബരിമല സ്വർണക്കൊള്ള; എ. പത്മകുമാർ, മുരാരി ബാബു, ഗോവർധൻ എന്നിവർക്ക് ജാമ്യമില്ല

കൊച്ചി: ശബരിമല സ്വർണക്കൊള്ളക്കേസിൽ ദേവസ്വം ബോർഡ് മുൻ പ്രസിഡൻറ് എ. പത്മകുമാർ ഉൾപ്പടെ മൂന്ന് പ്രതികളുടെ ജാമ്യഹർജി ഹൈക്കോടതി തള്ളി.

എ. പത്മകുമാർ, മുരാരി ബാബു, ബെല്ലാരിയിലെ സ്വർണ വ്യാപാരി ഗോവർധൻ എന്നിവരുടെ ജാമ്യ ഹർജികളാണ് ജസ്റ്റീസ് എ. ബദറുദ്ദീന്റെ ബെഞ്ച് തള്ളിയത്. പ്രതികൾക്ക് ജാമ്യം നൽകുന്നതിനെ പ്രോസിക്യൂഷനും അന്വേഷണ സംഘവും എതിർത്തു. പ്രതികൾക്കെതിരെ ഗൗരവമായ തെളിവുകളുണ്ടെന്നും അന്വേഷണം നിർണായക ഘട്ടത്തിലാണെന്നുമാണ് സർക്കാരിന്റെ വാദം.

ശബരിമല സ്വർണക്കൊള്ളയിൽ എ. പത്മകുമാറിനെ നവംബർ 20 നാണ് എസ്ഐടി അറസ്റ്റ് ചെയ്തത്. കട്ടിളപ്പാളിയിലെ സ്വർണം ഉണ്ണിക്കൃഷ്ണൻ പോറ്റിക്ക് കൈമാറിയതിൽ പത്മകുമാർ അടങ്ങുന്ന ബോർഡിന് വീഴ്ചയുണ്ടായെന്ന കണ്ടെത്തലിന് പിന്നാലെയായിരുന്നു അറസ്റ്റ്.

അതേസമയം, ദ്വാരപാലക ശിൽപങ്ങളിലെ സ്വർണപാളികൾ മോഷ്ടിച്ച കേസിൽ ഒന്നാം പ്രതിയായ ഉണ്ണിക്കൃഷ്ണൻ പോറ്റിക്ക് കൊല്ലം വിജിലൻസ് കോടതി സ്വാഭാവിക ജാമ്യം അനുവദിച്ചിരുന്നു.

അറസ്റ്റിലായി 90 ദിവസം പിന്നിട്ടിട്ടും അന്വേഷണസംഘം കുറ്റപത്രം സമർപ്പിക്കാത്ത സാഹചര്യത്തിലാണിത്. എന്നാൽ സ്വർണക്കട്ടിളപാളി കേസിൽ ജാമ്യം ലഭിക്കാത്തതിനാൽ ഉണ്ണിക്കൃഷ്ണൻ പോറ്റിക്ക് നിലവിൽ ജയിൽ മോചിതനാകാൻ കഴിയില്ല

## തീരദേശം ഇടതുപക്ഷത്ത് നിന്ന് അകന്നു, പിന്നിൽ സാമുദായിക ചരടുവലികൾ: തോമസ് ഐസക്

ആലപ്പുഴ: തീരദേശം ഇടതുപക്ഷത്തുനിന്ന് അകന്നു എന്നുള്ളതാണ് പഞ്ചായത്ത് തെരഞ്ഞെടുപ്പിലെ പൊതുപ്രവണതകളിൽ ഒന്നെന്ന് തോമസ് ഐസക്. എന്നാൽ തീരദേശത്തിനു വേണ്ടി കഴിഞ്ഞ 10 വർഷക്കാലത്തെന്നപോലെ കേരളചരിത്രത്തിൽ ഒരു കാലത്തും സർക്കാരിൽ നിന്ന് പിന്തുണ ലഭിച്ചിട്ടില്ല. എന്നിട്ടും തെരഞ്ഞെടുപ്പിൽ പിന്തുണ കുറഞ്ഞത് മുഖ്യമായും സാമുദായിക ചരടുവലികളുടെ ഫലമാണെന്ന് വേണം കരുതാനെന്നും അദ്ദേഹം ഫേസ്ബുക്കിൽ കുറിച്ചു.

ഇരുപതോളം വീടുകളിൽ പോയിരുന്നു. ഏതാണ്ട് എല്ലാം തന്നെ പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾ. സജീവ കോൺഗ്രസ് പ്രവർത്തകരുടെ വീടുകളും അതിൽ ഉണ്ടായിരുന്നു. എങ്കിലും ഇരുന്നു സംസാരിക്കുമ്പോൾ സർക്കാർ ചെയ്ത നല്ല കാര്യങ്ങൾ എല്ലാവരും അംഗീകരിക്കും. വർധിപ്പിച്ച പെൻഷനും, സ്ത്രീ സുരക്ഷാ സഹായവും തന്നെ സ്റ്റാർ പെർഫോമറുകൾ. മത്സ്യത്തൊഴിലാളികളുടെ എല്ലാ ക്ഷേമ ആനുകൂല്യങ്ങളും ഗണ്യമായി ഉയർത്തിയിട്ടുണ്ട്. ചെട്ടികാട്ടെ പുതിയ താലൂക്ക് ആശുപത്രി വലിയ സഹായമാണെന്ന് എല്ലാവരും തലകുലുക്കി സമ്മതിക്കും. പക്ഷെ വിചാരിച്ച വോട്ട് കിട്ടാത്തതിന് കാരണം സാമുദായിക ചരടുവലികളാണെന്നും തോമസ് ഐസക് കൂട്ടിച്ചേർത്തു.

## ദീപക്കിൻെറ മരണം: പ്രതി ഷിംജിതയെ റിമാൻഡ് ചെയ്തു

കോഴിക്കോട്: ബസിലെ ലൈംഗീകാരോപണത്തിന് പിന്നാലെ യുവാവ് ജീവനൊടുക്കിയ സംഭവത്തിൽ അറസ്റ്റിലായ പ്രതി ഷിംജിത മുസ്തഫയെ റിമാൻഡ് ചെയ്തു. 14 ദിവസത്തേയ്ക്കാണ് റിമാൻഡ് ചെയ്തത്. കുന്നമംഗലം ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതിയാണ് ഷിംജിതയെ റിമാൻഡ് ചെയ്തത്.

ജാമ്യം നൽകണമെന്ന് ഷിംജിത കോടതിയിൽ ആവശ്യപ്പെട്ടു. റിപ്പോർട്ട് വരുമ്പോൾ പരിഗണിക്കാമെന്നായിരുന്നു കോടതിയുടെ മറുപടി. ഷിംജിതയെ മഞ്ചേരി ജയിലിലേയ്ക്ക് മാറ്റും. ഇന്ന് വൈകുന്നേരം വടകരയിലെ ബന്ധുവീട്ടിൽ നിന്നാണ് ഷിംജിതയെ പൊലീസ് അറസ്റ്റ് ചെയ്തത്.

ദീപക്കിൻറെ മരണത്തിൽ കേസെടുത്തതിന് പിന്നാലെ ഷിംജിത ഒളിവിൽ പോയിരുന്നു. തുടർന്ന് പോലീസ് നടത്തിയ അന്വേഷണത്തിനൊടുവിലാണ് അറസ്റ്റ്. സംഭവം നടന്ന് ആറാം ദിവസമാണ് ഷിംജിത അറസ്റ്റിലാവുന്നത്.

കഴിഞ്ഞ വെള്ളിയാഴ്ച്ചയായിരുന്നു കേസിന്നാസ്പദമായ സംഭവം.

പയ്യന്നൂരിലെ ബസ് യാത്രയ്ക്കിടെ ലൈംഗീകാതിക്രമം നേരിടേണ്ടി വന്നുവെന്ന് ചൂണ്ടിക്കാട്ടി ഷിംജിത ഇൻസ്റ്റഗ്രാമിൽ വീഡിയോ പോസ്റ്റ് ചെയ്യുകയായിരുന്നു. ഒരു ദിവസം കൊണ്ട് തന്നെ ആ വീഡിയോ 23ലക്ഷം പേരാണ് കണ്ടത്.



## ആഗോള കടൽപായൽ ഉച്ചകോടിക്ക് കൊച്ചി വേദിയാകുന്നു

### മൂല്യവർധിത ഉൽപന്നങ്ങളും കടൽപായൽ രുചിക്കൂട്ടുകളുമായി സീവീഡ് എക്സ്പോയും

കൊച്ചി: കടൽപായൽ ഉൽപാദനരംഗത്ത് ഇന്ത്യയെ ആഗോള ശക്തിയാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ ഏഴാമത് ഇന്ത്യ ഇന്റർനാഷണൽ കടൽപായൽ എക്സ്പോയും ഉച്ചകോടിയും ജനുവരി 29നും 30നും കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സിഎംഎഫ്ആർഐ) നടക്കും. കടൽപായൽ വ്യവസായ മേഖലയിലെ ഏറ്റവും വലിയ സംഗമങ്ങളിലൊന്നിനാണ് കൊച്ചി വേദിയാകുന്നത്. വൈവിധ്യമായ കടൽപായൽ ഉൽപന്നങ്ങളും ഭക്ഷ്യവിഭവങ്ങളും അടങ്ങുന്ന എക്സ്പോയുണ്ട്.

അമേരിക്ക, റഷ്യ, ഓസ്ട്രേലിയ, ഫ്രാൻസ്, സ്കോട്ട്ലൻഡ്, അയർലൻഡ്, മാലിദ്വീപ്, ഇന്തോനേഷ്യ, ശ്രീലങ്ക, ടാൻസാനിയ തുടങ്ങിയ രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ ഉച്ചകോടിയിൽ പങ്കെടുക്കും. കടൽപായലിന്റെ സാമ്പത്തിക, പോഷകാഹാര, പാരിസ്ഥിതിക സാധ്യതകൾ പര്യവേക്ഷണം ചെയ്യാനായി നയതന്ത്രജ്ഞർ, ശാസ്ത്രജ്ഞർ, നിക്ഷേപകർ, സംരംഭകർ എന്നിവർ കൊച്ചിയിൽ ഒത്തുചേരും.

ഇന്ത്യൻ ചേംബർ ഓഫ് കൊമേഴ്സ്, സിഎംഎഫ്ആർഐ, സെൻട്രൽ സാൾട്ട് മറൈൻ കെമിക്കൽസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവർ സംയുക്തമായാണ് എക്സ്പോയും ഉച്ചകോടിയും സംഘടിപ്പിക്കുന്നത്.

കേന്ദ്ര കൃഷി-മത്സ്യ മന്ത്രാലയങ്ങളിലെ ഉന്നത ഉദ്യോഗസ്ഥർ പങ്കെടുക്കുന്ന ചർച്ചകളിൽ ഈ മേഖലയിലെ നിക്ഷേപ സാധ്യതകൾക്കും സാങ്കേതിക കൈമാറ്റത്തിനും മുൻഗണന നൽകും. ഉച്ചകോടിയിൽ, ഇന്ത്യയെ ആഗോള കടൽപായൽ സമ്പദ്വ്യവസ്ഥയുടെ കേന്ദ്രമാക്കാനുള്ള കർമപദ്ധതിക്ക് രൂപം നൽകും. കടൽപായൽ ഉൽപാദനം, വിപണനം, മൂല്യവർധിത ഉൽപന്നങ്ങൾ, നിക്ഷേപം, ഔഷധ നിർമാണം, കാലാവസ്ഥാ പ്രതിരോധം, സുസ്ഥിരത തുടങ്ങിയ മേഖലകളിൽ ചർച്ചകൾ നടക്കും. സംരംഭകർക്കും നിക്ഷേപകർക്കും അന്താരാഷ്ട്ര കമ്പനികളുമായി നേരിട്ട് സംവദിക്കാൻ കടൽപായൽ എക്സപോ വേദിയാകും.

കടൽപായലിൽ നിന്നുള്ള വൈവിധ്യമായ ഉൽപന്നങ്ങൾ അടുത്തറിയാൻ പൊതുജനങ്ങൾക്ക് അവസരമൊരുക്കുന്നതാണ് വിഭവങ്ങളുടെ പ്രദർശനം. കടൽപായൽ രുചിക്കൂട്ടുകൾ, ആരോഗ്യ സംരക്ഷണ ഉൽപന്നങ്ങൾ, സൗന്ദര്യവർദ്ധക വസ്തുക്കൾ തുടങ്ങിയവ എക്സ്പോയിലുണ്ടാകും.

കടൽപായൽ കൃഷിരീതികൾ നേരിട്ട് മനസ്സിലാക്കാനും ഈ മേഖലയിൽ സംരംഭകരാകാൻ ആഗ്രഹിക്കുന്നവർക്കും കടൽപായൽ എക്സ്പോ മുതൽക്കൂട്ടാകും. കൂടുതൽ വിവരങ്ങൾക്ക്, ഫോൺ 8287888749.



# ശബരിമല: 2.56 ലക്ഷം തീർത്ഥാടകർക്ക് ആരോഗ്യ സേവനം നൽകി

## ഹൃദയാഘാതം വന്ന 79 ശതമാനത്തോളം പേരുടെ ജീവൻ രക്ഷിച്ചു

ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച് സജ്ജമാക്കിയ ആരോഗ്യ കേന്ദ്രങ്ങൾ വഴി 2,56,399 തീർത്ഥാടകർക്ക് ആരോഗ്യ സേവനം നൽകിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. പമ്പ 49,256, നീലിമല 10,221, അപ്പാച്ചിമേട് 12,476, സന്നിധാനം 99,607, ചരൽമേട് 19,593, നിലയ്ക്കൽ 24,025 എന്നിങ്ങനെയാണ് ചികിത്സ നൽകിയത്. പമ്പ മുതൽ സന്നിധാനം വരെയും കാനനപാതയിലും സജ്ജമാക്കിയ എമർജൻസി മെഡിക്കൽ സെന്ററുകളിലൂടെ 64,754 തീർത്ഥാടകർക്കും ആരോഗ്യ സേവനം നൽകി. സിപിആർ ഉൾപ്പെടെയുള്ള അടിയന്തര സേവനം നൽകി മരണനിരക്ക് പരമാവധി കുറയ്ക്കാനായി. മികച്ച ആരോഗ്യ സേവനം നൽകിയ മുഴുവൻ ആരോഗ്യ പ്രവർത്തകരേയും മന്ത്രി വീണാ ജോർജ് അഭിനന്ദിച്ചു.നിസാര രോഗങ്ങൾ മുതൽ ഹൃദയാഘാതം പോലെ ഗുരുതരമായ രോഗങ്ങൾ ബാധിച്ചവർക്ക് വരെ ചികിത്സ നൽകി. ശബരിമല യാത്രയ്ക്കിടെ ഹൃദയാഘാതം വന്ന 206 പേരുടെ ജീവൻ രക്ഷിച്ചു. സമയബന്ധിതമായ ചികിത്സയിലൂടെ ഹൃദയാഘാതം വന്ന 79 ശതമാനത്തോളം പേരുടെ ജീവൻ രക്ഷിക്കാനായി. കഴിഞ്ഞ വർഷത്തേക്കാൾ കൂടുതൽ പേർക്ക് ഹൃദയാഘാതം ഇത്തവണ വന്നെങ്കിലും അതിനേക്കാൾ കൂടുതൽ പേരെ രക്ഷപ്പെടുത്താനായി. 131 പേർക്ക് അപസ്മാരത്തിന് ചികിത്സ നൽകി. ഗുരുതര ആരോഗ്യ പ്രശ്നങ്ങളുള്ള 891 പേരെ എമർജൻസി മെഡിക്കൽ സെന്ററുകളിൽ നിന്നും ശബരിമലയിലെ മറ്റ് ആശുപത്രികളിലേക്കും 834 പേരെ ശബരിമല ആശുപത്രിയിൽ നിന്നും മറ്റാശുപത്രികളിലേക്കും റഫർ ചെയ്തു.

ശബരിമല തീർത്ഥാടനത്തോട് അനുബന്ധിച്ച് ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ വിപുലമായ ആരോഗ്യ സേവനങ്ങളാണ് ഒരുക്കിയത്. പമ്പയിലെ കൺട്രോൾ റൂം 24 മണിക്കൂറും പ്രവർത്തിച്ചു. ആരോഗ്യ പ്രവർത്തകരുടെയും വിവിധ ഭാഷകൾ കൈകാര്യം ചെയ്യുന്നവരുടെയും സേവനം ഉറപ്പാക്കി. ശബരിമലയുമായി ബന്ധപ്പെട്ട് ആശുപത്രികളിൽ പ്രത്യേകം സംവിധാനങ്ങൾ ഒരുക്കി. കോന്നി മെഡിക്കൽ കോളേജ് ബേസ് ആശുപത്രിയായി പ്രവർത്തിച്ചു. കോട്ടയം മെഡിക്കൽ കോളേജിലും തീർത്ഥാടകർക്കായി പ്രത്യേകം കിടക്കകൾ ക്രമീകരിച്ചിരുന്നു. ഇതോടൊപ്പം തീർത്ഥാടകർ സഞ്ചരിക്കുന്ന സ്ഥലങ്ങളിലെ പ്രധാനപ്പെട്ട സർക്കാർ ആശുപത്രികളിലും കിടക്കകൾ ക്രമീകരിക്കുകയും മരുന്നുകളുടെ ലഭ്യത ഉറപ്പാക്കുകയും ചെയ്തു. വിവിധ ഭാഷകളിൽ ശക്തമായ ബോധവത്ക്കരണം നൽകി.ഭക്ഷ്യ സുരക്ഷാ പരിശോധനകൾ ശക്തമാക്കി. ആയുഷ് വിഭാഗത്തിൽ നിന്നുള്ള സേവനവും ഉറപ്പാക്കി. കനിവ് 108 ഉൾപ്പെടെ വിപുലമായ ആംബുലൻസ് സേവനം ഒരുക്കി.



കെഎസ്ആർടിസി ജീവനക്കാർക്കായി സംഘടിപ്പിക്കുന്ന പരിശീലന പരിപാടിയുടെ ഉദ്ഘാടനം ഗതാഗത വകുപ്പ് മന്ത്രി കെ. ബി. ഗണേഷ് കുമാർ നിർവഹിക്കുന്നു

# കെഎസ്ആർടിസിയുടെ വിശ്വാസ്യത നിലനിർത്തുന്നതിൽ ജീവനക്കാരുടെ പങ്ക് വലുത്: മന്ത്രി കെ. ബി. ഗണേഷ് കുമാർ

കെഎസ്ആർടിസിയുടെ വിശ്വാസ്യത നിലനിർത്താൻ ജീവനക്കാരുടെ മികച്ച പെരുമാറ്റവും പരിഷ്കാരങ്ങളോട് അവർ സഹകരിക്കുന്നതും വലിയ പങ്കുവഹിക്കുന്നുണ്ടെന്ന് ഗതാഗത വകുപ്പ് മന്ത്രി കെ. ബി. ഗണേഷ് കുമാർ. പൊതുഗതാഗത രംഗത്ത് നൂതനമായ മാറ്റങ്ങൾ ലക്ഷ്യമിട്ട് കെഎസ്ആർടിസിയും ജിസ്സും (ഏകദ) സംയുക്തമായി നടപ്പിലാക്കുന്ന പ്രത്യേക പരിശീലന പരിപാടിയുടെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി. കെഎസ്ആർടിസിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ 1,000 ഡ്രൈവർമാർക്കും 1,000 കണ്ടക്ടർമാർക്കുമാണ് പരിശീലനം നൽകുന്നത്.

ഇന്ത്യയിൽ ഇന്ന് പ്രവർത്തന ലാഭത്തിൽ മുന്നേറുന്ന ഏക പൊതുഗതാഗത കോർപ്പറേഷൻ കെഎസ്ആർടിസിയാണെന്ന് മന്ത്രി ഗണേഷ് കുമാർ പറഞ്ഞു. കോർപ്പറേഷന്റെ ശരാശരി പ്രതിദിന വരുമാനം 9 കോടി രൂപയ്ക്ക് മുകളിലെത്തിക്കാൻ സാധിച്ചു. ചില ദിവസങ്ങളിൽ ഇത് 11 മുതൽ 13 കോടി വരെയായി ഉയരുന്നു.

ഡ്രൈവിംഗ് മികവ്, ഇന്ധനക്ഷമത വർദ്ധിപ്പിക്കൽ, ആധുനിക ടിക്കറ്റിംഗ് മെഷീനുകളുടെ ഉപയോഗം, ഡിജിറ്റൽ കാർഡുകൾ, കൃത്യമായ കണക്ക് സൂക്ഷിക്കൽ തുടങ്ങിയവയിലാണ് പരിശീലനം നൽകുന്നത്. ഇപ്പോൾ പരിശീലനം ലഭിക്കുന്നവരിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന മാസ്റ്റർ ട്രെയിനർമാർ വഴി ഭാവിയിൽ മുഴുവൻ ജീവനക്കാർക്കും പരിശീലനം ഉറപ്പാക്കും.

ചടങ്ങിൽ സുരക്ഷിതമായ ഡ്രൈവിംഗ് ഉൾപ്പെടെയുള്ള മാനദണ്ഡങ്ങൾ പരിഗണിച്ച് തിരഞ്ഞെടുക്കപ്പെട്ട 15 ഡ്രൈവർമാർക്ക് മന്ത്രി അവാർഡുകൾ വിതരണം ചെയ്തു.

കെഎസ്ആർടിസിയുടെ സർവീസുകൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള 'ഇ-ബസ് ഒപ്റ്റിമൈസേഷൻ ടൂൾ' വീഡിയോയും ചടങ്ങിൽ പ്രദർശിപ്പിച്ചു.

കെ എസ് ആർ ടി സി സി.എം.ഡി ഡോ. പി. എസ്. പ്രമോജ് ശങ്കർ അധ്യക്ഷത വഹിച്ച ചടങ്ങിൽ ജിസ്സ് സസ്റ്റൈനബിൾ അർബൻ മൊബിലിറ്റി ഡയറക്ടർ മഞ്ജുനാഥ് ശേഖർ പ്രൊജക്റ്റ് അവതരണം നടത്തി. കെഎസ്ആർടിസി ഫിനാൻഷ്യൽ അഡ്വൈസർ ഷാജി എ എക്സിക്യൂട്ടീവ് ഡയറക്ടർ (ഓപ്പറേഷൻസ്) ജി. പി. പ്രദീപ് കുമാർ, എക്സിക്യൂട്ടീവ് ഡയറക്ടർ (അഡ്മിനിസ്ട്രേഷൻ) പി. എം. ഷറഫ് മുഹമ്മദ് തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

# സ്വർണവില പിടിവിടുന്നു; ബാങ്ക് ലോക്കറിനായി നെട്ടോട്ടം, കിട്ടാനില്ല

കോട്ടയം: ഒരു പവൻ സ്വർണാഭരണത്തിന് ഒന്നേകാൽ ലക്ഷം രൂപയിലേക്ക് ഉയർന്നതോടെ ബാങ്ക് സേഫ് ഡിപ്പോസിറ്റ് ലോക്കറുകൾക്ക് ആവശ്യക്കാരേറി. പല ഷെഡ്യൂൾ ബാങ്ക് ശാഖകളിലും ഒരാഴ്ചയ്ക്കുള്ളിൽ ലോക്കർ കിട്ടാനില്ല. സ്വന്തം റിസ്കിലാണ് ലോക്കറിൽ സ്വർണവും വിലപ്പെട്ട സാധനങ്ങളും രേഖകളും മറ്റും വയ്ക്കുന്നതെങ്കിലും ബാങ്ക് ലോക്കർ ഉരുക്ക് പെട്ടിയാണല്ലോ എന്നതാണ് ആശ്വാസം. വീടുകളുടെ അലമാരകളിലോ ഒളിപ്പെട്ടികളിലോ ആഭരണം സൂക്ഷിക്കാൻ മനസുവരുന്നില്ല. മിന്നു മാലയും കല്യാണമോതിരവും രണ്ട് വളകളും ഒഴിക്കെ ലോക്കറിൽ വച്ചാൽ സമാധാനത്തോടെ കിടന്നുറങ്ങുകയോ യാത്രപോകുകയോ ചെയ്യാമല്ലോ ഇക്കാലത്തെ പൊതുവർത്തമാനം.

ലോക്കർ: അറിയേണ്ടത്

ലോക്കറുടെ ഒരു താക്കോൽ ഉടമയുടെ കൈവശവും ഒരെണ്ണം ബാങ്കിലുമുണ്ടാകും. ലോക്കറുടെ വലിപ്പം അനുസരിച്ച് നിശ്ചിത ഫീസും ബാങ്ക് ഈടാക്കും. ഇരു കൂട്ടരും അറിയാതെ ലോക്കർ തുറക്കാനാവില്ല. വിശേഷാൽ ചടങ്ങുകൾ വരുമ്പോൾ ലോക്കറിലെ സ്വർണം എടുക്കുകയും ഒട്ടും വൈകാതെ തിരിച്ചുവയ്ക്കുകയും ചെയ്യുന്നവരാണ് ഏറെപ്പേരും.

ചെറിയ ബാങ്ക് ശാഖകളിൽ ശരാശരി 200 ലോക്കറുകളും വലിയ ശാഖകളിൽ ആയിരത്തോളം ലോക്കറുകളും ഉണ്ടാകാറുണ്ട്. ബ്രാഞ്ചിൽ ആവശ്യത്തിന് ലോക്കർ ഇല്ലെങ്കിൽ തൊട്ടടുത്ത ബ്രാഞ്ചിൽ അധികൃതർ ലോക്കർ സൗകര്യം ഒരുക്കിക്കൊടുക്കും. ലോക്കർ കാലാവധി പൊതുവെ മൂന്നു വർഷമാണെങ്കിലും പലരും ഒരിക്കൽ വാടകയ്ക്ക് എടുത്ത ലോക്കർ പിന്നീട് ഒഴിവാക്കാറില്ല. ലോക്കറിന്റെ വലിപ്പം അനുസരിച്ച് നിരക്കിലും വ്യത്യാസം വരും. കൂടുതൽ പേരും മീഡിയം ലോക്കറുകളാണ് താൽപര്യപ്പെടുന്നത്.

ബാങ്കിന് തുറക്കാം

മൂന്നു വർഷത്തിലധികം ലോക്കർ ഉപയോഗിക്കാതിരുന്നാൽ ഇടപാടുകാരനോട് അത് ഉപയോഗിക്കാനോ ഒഴിഞ്ഞു നൽകാനോ ബാങ്കുകൾക്ക് ആവശ്യപ്പെടാം. ഇടപാടുകാരൻ ലോക്കർ വാടക ക്രമമായി നൽകുന്നുണ്ടെങ്കിലും ബാങ്കുകൾക്ക് ഇതാവശ്യപ്പെടാം.

എന്തുകൊണ്ടാണ് ലോക്കർ ഉപയോഗിക്കാതിരിക്കുന്നത് എന്ന് എഴുതിത്തരാൻ ആവശ്യപ്പെടാനും ബാങ്കുകൾക്ക് അധികാരമുണ്ട്. ബാങ്ക് നിർദേശത്തോ പ്രതികരിക്കാതിരി ക്കുകയോ എന്നിട്ടും ലോക്കർ ഉപയോഗിക്കാതിരിക്കുകയോ ചെയ്താൽ നോട്ടിസ് നൽകി ബാങ്കുകൾക്കു ലോക്കർ തുറക്കാം.

# വിസ്മയ മോഹൻലാൽ ചിത്രം 'തുടക്കം' സെക്കന്റ് ലുക്ക് പോസ്റ്റർ വൈറലാവുന്നു...

വിസ്മയാ മോഹൻലാൽ, ആശിഷ് ജോ ആന്റെണി എന്നിവരെ കേന്ദ്ര കഥാപാത്രങ്ങ ളാക്കി,ജൂഡ് ആന്റണി ജോസഫ് സംവിധാനം ചെയ്യുന്ന തുടക്കം എന്ന ചിത്രത്തിന്റെ സെക്കന്റ് ലുക്ക് പോസ്റ്റർ അണിയറ പ്രവർത്തകർ പുറത്തുവിട്ടു.

വിസ്മയായുടെ, ദൈന്യ ഭാവത്തിലുള്ള പോസ്റ്ററിനു പിന്നിൽആശിഷ് ജോ ആന്റണിയേയും വ്യക്തമാക്കുന്നു.

എന്നാൽ വിസ്മയാക്കു മുന്നിൽ, താടി വച്ച ഒരു പുരുഷൻ - അത് മോഹൻലാലിനെ അനുസ്മരിപ്പിക്കുന്നു.

അതു മോഹൻലാൽ തന്നെയോ?

ആ സസ്പെൻസ്,അങ്ങനെ തന്നെ നിൽക്കട്ടെ..

ചിത്രീകരണം ആരംഭിച്ചതിനു ശേഷം ആദ്യമായാണ് ഈ പോസ്റ്ററിലൂടെ

ഒരു അപ്ഡേഷൻ നടത്തിയിരിക്കുന്നത്.

ആശിർവാദ് സിനിമാസിന്റെ ബാനറിൽ ആന്റണി പെരുമ്പാവൂർ നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ ചിത്രീകരണം ഇപ്പോൾ കുട്ടിക്കാനം, തൊടുപുഴ ഭാഗങ്ങളിൽ നടന്നു വരുന്നു.

ഈ സിനിമയുടെ ചിത്രീകരണത്തിനിടെ

യിലായിരുന്നുമോഹൻലാലിന്റെ മാതാവിന്റെ മരണം. അതേത്തുടർന്ന് ചിത്രീകരണം നിർത്തിവച്ചിരുന്ന ഈ ചിത്രത്തിന്റെ ചിത്രീകരണം ജനുവരി പതിനെട്ടിനാണ് പുനരാരംഭിച്ചത്.

ഒരു ക്ലീൻ ഫാമിലി ത്രില്ലർ സിനിമയെന്നു മാത്രമാണ് ചിത്രത്തെ ക്കുറിച്ച് പറഞ്ഞിട്ടുള്ളത്.

അപ്രതീക്ഷിതമായ പല വഴിത്തിരിവുകളും, സസ്പെൻസുമൊക്കെ .ചിത്രത്തിലുണ്ടാകു

മെന്നു് പ്രേക്ഷകർ പ്രതീക്ഷിക്കുന്നു.

സായ് കുമാർ, ബോബി കുര്യൻ, ഗണേഷ് കുമാർ, തുടങ്ങി നിരവധി താരങ്ങളും ഈ ചിത്രത്തിൽ അണിനിരക്കുന്നുണ്ട്.

ഡോ. എമിൽ ആന്റെണിയും, ഡോ. അനീഷ ആന്റെണിയുമാണ് എക്സിക്കുട്ടീവ് പ്രൊഡ്യൂസേർസ് .

ലിനീഷ് നെല്ലിക്കൽ, അഖിൽ കൃഷ്ണ, ജൂഡ് .ആന്റണി ജോസഫ്, എന്നിവരാണ് തിരക്കഥ രചിച്ചിരിക്കുന്നത്.

സംഗീതം. ജെയ്ക്ക് ബിജോയ്സ്.

ഛായാഗ്രഹണം -ജോമോൻ.ടി. ജോൺ,

എഡിറ്റിംഗ്- ചമൻ ചാ




ക്കോ.,പ്രൊഡക്ഷൻ ഡിസൈൻ - സന്തോഷ് രാമൻ.

മേക്കപ്പ് - ജിതേഷ് പൊയ്യ .

കോസ്റ്റ്യം ഡിസൈൻ -അരുൺ മനോഹർ.

ചീഫ് അസ്സോസ്സിയേറ്റ് ഡയറക്ടർ - സൈലക്സ്ര എബ്രഹാം.,ഫിനാൻസ് കൺട്രോളർ - മനോഹരൻ' കെ പയ്യന്നൂർ.പ്രൊഡക്ഷൻ എക്സിക്യൂട്ടീവ്സ് - വിനോദ് ശേഖർ, ശ്രീക്കുട്ടൻ.

പ്രൊഡക്ഷൻ കൺട്രോളർ- ബിജു തോമസ്.

വാഴൂർ ജോസ്.

## ഗ്രീൻലാൻഡ് വിഷയത്തിൽ ഡോണൾഡ് ട്രംപിനെ കടന്നാക്രമിച്ച് ഡാനിഷ് എംപി

സ്ട്രാസ്ബർഗ്: ഡെന്മാർക്ക് സ്വയംഭരണ പ്രദേശമായ ഗ്രീൻലാൻഡ് പിടിച്ചെടുക്കാനുള്ള അമേരിക്കൻ പ്രസിഡന്റ് ഡോണൾഡ് ട്രംപിന്റെ നീക്കങ്ങൾക്കെതിരെ അന്താരാഷ്ട്ര തലത്തിൽ പ്രതിഷേധം കടുക്കുന്നു. യൂറോപ്യൻ പാർലമെന്ററിൽ നടന്ന ചർച്ചയ്ക്കിടെ ഡാനിഷ് എംപി ആൻഡേഴ്സ് വിസ്റ്റിസെൻ ട്രംപിനെതിരെ അത്യന്തം മോശമായ ഭാഷയിൽ പ്രതികരിച്ചത് വലിയ വിവാദമായിരിക്കുകയാണ്. ഗ്രീൻലാൻഡ് വിൽപനയ്ക്കുള്ളതല്ലെന്ന് ആവർത്തിച്ച വിസ്റ്റിസെൻ, ട്രംപിനു മനസിലാകുന്ന ഭാഷയിൽ പറയാം എന്നു സൂചിപ്പിച്ചുകൊണ്ടാണ് രൂക്ഷമായ ഭാഷയിൽ പ്രതികരിച്ചത്. ഡെന്മാർക്കിന്റെ പരമാധികാരത്തിന്മേലുള്ള കടന്നുകയറ്റമാണ് ട്രംപ് നടത്തുന്നതെന്ന് അദ്ദേഹം കുറ്റപ്പെടുത്തി. ഗ്രീൻലാൻഡ് കഴിഞ്ഞ 800 വർഷമായി ഡെന്മാർക്കിന്റെ ഭാഗമാണെന്നും അമേരിക്ക രൂപീകൃതമായതിനേക്കാൾ ഇരട്ടി കാലം ഗ്രീൻലാൻഡ് ഡെന്മാർക്കിനൊപ്പമുണ്ടെന്നും അദ്ദേഹം ഓർമിപ്പിച്ചു.

വിസ്റ്റിസെന്റെ മോശം ഭാഷാ പ്രയോഗത്തിനെതിരെ യൂറോപ്യൻ പാർലമെന്റ് വൈസ് പ്രസിഡന്റ് രംഗത്തെത്തി. ട്രംപിനോട് എന്തു വിയോജിപ്പുണ്ടെങ്കിലും ഇത്തരം വാക്കുകൾ സഭയിൽ ഉപയോഗിക്കുന്നതു ശരിയല്ലെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. സംഭവത്തിൽ വിസ്റ്റിസെനിൽനിന്നു പിഴ ഈടാക്കിയേക്കും. ഗ്രീൻലാൻഡ് വിഷയത്തിൽ ഡെന്മാർക്കും മറ്റ് എട്ട് യൂറോപ്യൻ രാജ്യങ്ങളും വഴങ്ങാത്ത പക്ഷം കടുത്ത വ്യാപാര നികുതി ഏർപ്പെടുത്തുമെന്നു ട്രംപ് ഭീഷണി മുഴക്കിയിരുന്നു. ഇതിനു പിന്നാലെയാണ് ഡാനിഷ് പ്രതിനിധികൾക്കിടയിൽ പ്രതിഷേധം ശക്തമായത്. ഗ്രീൻലാൻഡ് തങ്ങളുടെ അഭിമാനമാണെന്നും അതു വിട്ടുനൽകാൻ തയാറല്ലെന്നുമാണ് ഡെന്മാർക്ക് പ്രധാനമന്ത്രി മെറ്റെ ഫ്രെഡറിക്സനും പ്രഖ്യാപിച്ചത്.

ട്രംപിന്റെ ഇത്തരം നീക്കങ്ങൾ അമേരിക്കയും യൂറോപ്യൻ രാജ്യങ്ങളും അംഗമായ നാറ്റോ സംഘടനയിൽ വലിയ പ്രതിസന്ധിയായി രൂപപ്പെടുകയാണെന്നാണ് വിലയിരുത്തുന്നത്.

## കുഫോസിൽ ജൂനിയർ റിസർച്ച് ഫെല്ലോ വാക്ക് – ഇൻ ഇന്റർവ്യൂ ഫെബ്രുവരി 2ന്

കേരള ഫിഷറീസ് സമുദ്ര പഠന സർവകലാശാലയിൽ ആഴക്കടൽ പരിസ്ഥിതിയിലെ മൈക്രോനാനോ പ്ലാസ്റ്റിക്കുകളെക്കുറിച്ചുള്ള MoES-DOM പദ്ധതിയുടെ ഭാഗമായി ജൂനിയർ റിസർച്ച് ഫെല്ലോ തസ്തികയിലേക്ക് വാക്ക്-ഇൻ ഇന്റർവ്യൂ നടത്തുന്നു.ഇന്റർവ്യൂ 2026 ഫെബ്രുവരി 02-ന് രാവിലെ 9.30-ന് കൊച്ചി പനങ്ങാടുള്ള കുഫോസ് ക്യാമ്പസ്സിൽ വച്ച് നടത്തും.അക്വാറ്റിക് എൻവയോൺമെന്റ് മാനേജ്മെന്റ് വിഷയത്തിൽ ഫസ്റ്റ് ക്ലാസോടെ എം.എഫ്.എസ്.സി. ബിരുദവും നെറ്റ് യോഗ്യതയും ഉള്ളവരാണ് അപേക്ഷിക്കേണ്ടത്. ഫീൽഡ് പ്രവർത്തനങ്ങൾ, സാമ്പിൾ ശേഖരണം, ഗവേഷണ ക്രൂയിസ് പങ്കാളിത്തം, മൈക്രോനാനോ പ്ലാസ്റ്റിക് വിശകലനം എന്നിവയിൽ പ്രവൃത്തിപരിചയമുള്ളവർക്ക് മുൻഗണന നൽകും.നിയമനം ആദ്യഘട്ടത്തിൽ ഒരു വർഷത്തേക്കായിരിക്കും. പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ കാലാവധി നീട്ടുന്നതാണ് . താൽപര്യമുള്ള യോഗ്യരായ ഉദ്യോഗാർത്ഥികൾ സർട്ടിഫിക്കറ്റുകളും അനുബന്ധ രേഖകളുമായി ഇന്റർവ്യൂവിന് ഹാജരാകണമെന്ന് സർവകലാശാല അറിയിച്ചു.

## പി. എച്ച്. ഡി. പ്രോഗ്രാമുകൾ 202526 : അപേക്ഷകൾ ക്ഷണിച്ച് കുഫോസ്

കേരള ഫിഷറീസ് സമുദ്ര പഠന സർവകലാശാല (ഗഡഎഛട) 202526 അധ്യയന വർഷത്തെ പി.എച്ച്.ഡി. പ്രവേശനത്തിനായി അപേക്ഷകൾ ക്ഷണിച്ചു. ഫിഷറീസ് സയൻസ്, ഓഷ്യൻ സയൻസ് & ടെക്നോളജി, ഫിഷറീസ് മാനേജ്മെന്റ്, ഫിഷറീസ് എഞ്ചിനീയറിംഗ് എന്നീ ഫാക്കൽറ്റികളിലേക്കാണ് പ്രവേശനം. കളഅഞ്ഞ അകളജ്ജ ഖഞഎ/ടഞഎ (Ph.D.)-2025 സ്കോറിന്റെ അടിസ്ഥാനത്തിലായിരിക്കും പ്രവേശനം. അപേക്ഷകൾ www.admission.kufos.ac.in വഴി സമർപ്പിക്കണം. വിശദ വിവരങ്ങൾക്കായി www.kufos.ac.in സന്ദർശിക്കുക. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 05 ഫെബ്രുവരി 2026.



'കണക്ട് ടു വർക്ക്' പദ്ധതി മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുന്നു

# കരുവന്നൂർ സഹ. ബാങ്ക് ഭരണസമിതി തെരഞ്ഞെടുപ്പ് 22ന്

തൃശൂർ: അഴിമതി, തട്ടിപ്പ് ആരോപണങ്ങളിലൂടെ വിവാദങ്ങളിൽ നിറഞ്ഞ കരുവന്നൂർ സഹകരണ ബാങ്ക് ഭരണസമിതി തെരഞ്ഞെടുപ്പു വിജ്ഞാപനമിറങ്ങി. ഫെബ്രുവരി 22ന് മാടായിക്കോണം പി. കെ. ചാത്തൻ മാസ്റ്റർ മെമ്മോറിയൽ ഗവ. യുപി സ്കൂളിലാണു തെരഞ്ഞെടുപ്പു നടക്കുക. കരുവന്നൂർ അഴിമതി കണ്ടെത്തിയതോടെ 2021 മുതൽ ബാങ്കിൽ അഡ്മിനിസ്ട്രേറ്റർ ഭരണമായിരുന്നു. ഫെബ്രുവരി ആറിനു രാവിലെ 11മുതൽ ഉച്ചയ്ക്കു ശേഷം രണ്ടുവരെ ബാങ്ക് ഓഫീസിൽ നാമനിർദേശപത്രിക നേരിട്ടു സമർപ്പിക്കാം.

പിറ്റേന്നു രാവിലെ 11മുതൽ ബാങ്ക് ഓഫീസിൽ നാമനിർദേശ പത്രികകൾ സൂക്ഷ്മ പരിശോധനയ്ക്കു വിധേയമാക്കും. ഒന്പതിനു വൈകീട്ട് അഞ്ചുവരെയാണു പത്രികകൾ പിൻവലിക്കാനുള്ള അവസാനതീയതി. ബാങ്ക് നടത്തിപ്പിനായി 13 അംഗ ഭരണസമിതിയാണു തെരഞ്ഞെടുക്കുക. ഇതിൽ സഹകരണനിയമപ്രകാരം ഏഴു ജനറൽ, രണ്ടു വനിത, എസ്‌സി- എസ്ടി ഒന്ന്, 25,000 രൂപയോ അതിൽ കൂടുതലോ നിക്ഷേപമുള്ള അംഗങ്ങളിൽനിന്ന് ഒന്ന്, 40 വയസിൽ താഴെയുള്ള പൊതുവിഭാഗങ്ങളിൽ നിന്ന് ഒന്ന്, 40 വയസിൽ താഴെയുള്ള വനിതാവിഭാഗങ്ങളിൽനിന്ന് ഒന്ന് എന്നിങ്ങനെയാണ് അംഗങ്ങളെ തെരഞ്ഞെടുക്കുക. തെരഞ്ഞെടുപ്പിനുള്ള പ്രാഥമിക വോട്ടർപട്ടിക ബാങ്ക് ഓഫീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. വോട്ടർ പട്ടികയിൽ തടസവാദങ്ങളുണ്ടെങ്കിൽ 27ന് അഞ്ചിനുള്ളിൽ സമർപ്പിക്കണം. ലഭിച്ച തടസവാദങ്ങളിൽ. പിറ്റേന്നു രാവിലെ 11 മുതൽ വൈകിട്ട് അഞ്ചുവരെ ബാങ്കിൽ വച്ച് പരിശോധന നടത്തും. തുടർന്ന് 30നു രാവിലെ 11ന് ബാങ്ക് ഹെഡ് ഓഫീസിലെ നോട്ടീസ് ബോർഡിൽ അന്തിമ വോട്ടർപട്ടിക പ്രസിദ്ധീകരിക്കും.

# ലോക സാമ്പത്തിക ഫോറം: ആഗോള ശ്രദ്ധയാകർഷിച്ച് കേരള പവലിയൻ മന്ത്രി പി രാജീവ് പവലിയൻ ഉദ്ഘാടനം ചെയ്തു

തിരുവനന്തപുരം: സ്വിറ്റ്സർലൻഡിലെ ദാവോസിൽ നടക്കുന്ന 56-ാമത് ലോക സാമ്പത്തിക ഫോറത്തിൽ (ഡബ്ല്യുഇഎഫ് )ആഗോള ശ്രദ്ധയാകർഷിച്ച് കേരള പവലിയൻ.

വിജ്ഞാനാധിഷ്ഠിത വ്യാവസായിക കേന്ദ്രമായും സുസ്ഥിര വ്യാപാരത്തിനും ബിസിനസുകൾക്കും അനുകൂല ആവാസ വ്യവസ്ഥ ലഭ്യമാക്കുന്ന ഇടമായും കേരളത്തെ പ്രദർശിപ്പിക്കാൻ ലക്ഷ്യമിട്ടുള്ളതാണ് പവലിയൻ. സംസ്ഥാന വ്യവസായ മന്ത്രി പി. രാജീവ് ഡബ്ല്യുഇഎഫിലെ കേരളത്തിൻറെ പവലിയൻ ഉദ്ഘാടനം ചെയ്തു. 'കേരളം- ഇന്ത്യയുടെ ആഗോള ബിസിനസിനുള്ള കവാടം' എന്നതാണ് പവലിയൻറെ പ്രമേയം.

സംസ്ഥാന ചീഫ് സെക്രട്ടറി ഡോ. എ. ജയതിലക്, വ്യവസായ വാണിജ്യ അഡീഷണൽ ചീഫ് സെക്രട്ടറി എ.പി.എം മുഹമ്മദ് ഹനീഷ്, ലുലു ഗ്രൂപ്പ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ എം എ യൂസഫ് അലി, സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ (കെഎസ്ഐഡിസി) മാനേജിംഗ് ഡയറക്ടർ പി. വിഷ്ണുരാജ് എന്നിവർ സന്നിഹിതരായിരുന്നു.



സ്വിറ്റ്സർലൻഡിലെ ദാവോസിൽ നടക്കുന്ന 56-ാമത് ലോക സാമ്പത്തിക ഫോറത്തിൽ (ഡബ്ല്യുഇഎഫ് ) കേരള പവലിയൻ വ്യവസായ മന്ത്രി പി. രാജീവ് ഉദ്ഘാടനം ചെയ്യുന്നു. സംസ്ഥാന ചീഫ് സെക്രട്ടറി ഡോ. എ. ജയതിലക്, വ്യവസായ വാണിജ്യ അഡീഷണൽ ചീഫ് സെക്രട്ടറി എ.പി.എം മുഹമ്മദ് ഹനീഷ്, ലുലു ഗ്രൂപ്പ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ എം എ യൂസഫ് അലി എന്നിവർ സമീപം.

ഉത്തരവാദിത്തപരമായ നിക്ഷേപത്തിനും വിജ്ഞാനാധിഷ്ഠിത വ്യവസായങ്ങൾക്കും കേരളം മികച്ചയിടമാണെന്ന് മന്ത്രി രാജീവ് പറഞ്ഞു. ഈസ് ഓഫ് ഡൂയിംഗ് ബിസിനസിൽ തുടർച്ചയായി ഒന്നാം സ്ഥാനം കേരളം നിലനിർത്തുന്നു. വ്യാവസായിക വികസനത്തിൽ അതിവേഗം മുന്നേറുന്നയിടമായി സംസ്ഥാനം മാറിയെന്നും മന്ത്രി പറഞ്ഞു.

ഉത്തരവാദിത്ത നിക്ഷേപങ്ങളിലാണ് കേരളം ഇപ്പോൾ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. പുനരുപയോഗിക്കാനാകുന്ന ഊർജ്ജം, ഇലക്ട്രോണിക്സ്, ഐടി, മെഡിക്കൽ ഉപകരണ നിർമ്മാണം, ടൂറിസം, നൂതന സാങ്കേതികവിദ്യകൾ എന്നിവയുൾപ്പെടെ 22 മേഖലകളിലും മറ്റു ചില അനുബന്ധ മേഖലകളിലും ഉത്തരവാദിത്ത നിക്ഷേപത്തിന് സാധ്യതയുണ്ട്.

വിദ്യാഭ്യാസവും ആരോഗ്യ സംരക്ഷണവും ഉൾപ്പെടെ സാമൂഹിക വികസന സൂചികയിലെ മികച്ച നേട്ടങ്ങളിലൂടെ സൃഷ്ടിച്ചെടുത്ത ഉറച്ച അടിത്തറയിൽ കേരളം സാമ്പത്തിക വികസനം കെട്ടിപ്പടുക്കുകയാണ്. അതിദാരിദ്ര്യം നിർമാർജനം ചെയ്തുകൊണ്ട് സംസ്ഥാനം അടുത്തിടെ ചരിത്രം സൃഷ്ടിച്ചെന്നും മന്ത്രി കൂട്ടിച്ചേർത്തു.

കേരളത്തിൻറെ ഏറ്റവും വലിയ സമ്പത്ത് വിദ്യാസമ്പന്നരും ബുദ്ധിമാന്മാരുമായ യുവജനങ്ങളാണെന്ന് സംസ്ഥാനത്തെ പ്രമുഖ നിക്ഷേപകനായ എം. എ യൂസഫ് അലി പറഞ്ഞു. ആരോഗ്യ സംരക്ഷണം, ധാരാളം നിക്ഷേപസാധ്യതകളുള്ള ആകർഷകമായ മേഖലകൾ എന്നിവയ്ക്ക് പുറമേ ടൂറിസത്തിലും കേരളം ഒന്നാം സ്ഥാനത്താണ്. ലോകമെമ്പാടുമുള്ള നിക്ഷേപകർ, ലോകനേതാക്കൾ, നയരൂപകർത്താക്കൾ, ബുദ്ധിജീവികൾ, പ്രൊഫഷണലുകൾ തുടങ്ങിയവർ ഒത്തുകൂടുന്ന ഡബ്ല്യുഇഎഫ് കേരളത്തിൻറെ വലിയ സാധ്യതകൾ പ്രദർശിപ്പിക്കുന്നതിനുള്ള മികച്ച വേദിയാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

കേരളത്തിൻറെ ഉന്നത പ്രതിനിധി സംഘത്തെ നയിക്കുന്ന മന്ത്രി പി. രാജീവ് ഡബ്ല്യുഇഎഫിൻറെ തുടക്കദിവസം മുതൽ പ്രമുഖ വ്യവസായികളുമായി നിരവധി കൂടിക്കാഴ്ചകൾ നടത്തി. സംസ്ഥാനത്തിൻറെ വിവിധ മേഖലകളിലുള്ള വലിയ നിക്ഷേപ അവസരങ്ങളെ ആഗോളതലത്തിൽ അവതരിപ്പിക്കാൻ ലക്ഷ്യമിട്ടായിരുന്നു കൂടിക്കാഴ്ച

## സവിശേഷ കാർണിവൽ: ഇൻക്ലൂസീവ് സ്പോർട്സിൽ തിരുവനന്തപുരം ജില്ല ജേതാക്കൾ

മൂന്ന് ദിവസങ്ങളിലായി തിരുവനന്തപുരത്ത് നടന്ന ഭിന്നശേഷിക്കാരുടെ സവിശേഷ കാർണിവലിന്റെ ഭാഗമായി ഏർപ്പെടുത്തിയ ഇൻക്ലൂസീവ് സ്പോർട്സിൽ 122 പോയിന്റ് നേടി തിരുവനന്തപുരം ജില്ല ജേതാക്കളായി. 89 പോയിന്റ് ലഭിച്ച ഇടുക്കിയാണ് രണ്ടാമത്.

സവിശേഷ കാർണിവൽ ലോഗോ ഡിസൈൻ മത്സരത്തിൽ കെ എം അബ്ദുൾ ഷുക്കൂർ വിജയിയായി. കേൾവി പരിമിതിയുള്ള ഭിന്നശേഷി ആർട്ടിസ്റ്റിസ്റ്റാണ് ആലുവ സ്വദേശിയായ ഷുക്കൂർ. ഭിന്നശേഷിക്കാരായ ഡിസൈനർ, ആർട്ടിസ്റ്റുകളിൽ നിന്നാണ് ലോഗോ ക്ഷണിച്ചിരുന്നത്. ഡിസൈനറായ അബ്ദുൾ ഷുക്കൂർ ഇതിനകം തന്നെ ഒട്ടേറെ സർക്കാർ-സർക്കാരിതര പരിപാടികൾക്ക് വേണ്ടി ലോഗോ ഡിസൈൻ ചെയ്തിട്ടുണ്ട്.

എല്ലാ മത്സര വിജയികൾക്കുമുള്ള പുരസ്കാരം സാമൂഹ്യ നീതി വകുപ്പ് മന്ത്രി ഡോ. ആർ ബിന്ദു സമ്മാനിച്ചു.

സവിശേഷ സാഹിത്യ മത്സര വിജയികൾ

കവിത:

ഒന്നാം സമ്മാനം-മായ ബാലകൃഷ്ണൻ (മണ്ണാങ്കട്ടയും കരിയിലയും)

രണ്ടാം സമ്മാനം-അഭിഷേക് എസ് (ങ്യ ടീലശേര ഞെല്ലൃശല).

കഥ/നോവൽ:

ഒന്നാം സമ്മാനം-മിനി ചെല്ലൂർ (പടച്ചോന്റെ കണ്ണു)

അനുഭവം/ഓർമ്മ:

ഒന്നാം സമ്മാനം-സാബിർ കെ വി (അല്ലൂസിനൊപ്പം-ഒരു സ്പെഷ്യൽ കുഞ്ഞിനോടൊപ്പമുള്ള ജീവിതയാത്ര)

രണ്ടാം സമ്മാനം- അബ്ദുള്ള കാട്ടുകണ്ടി (പ്രത്യാശയുടെ അത്ഭുത ഗോപുരം)

യാത്രാവിവരണം:

ഒന്നാം സമ്മാനം-കൃഷ്ണകുമാർ പി എസ് (നൂറ്റാണ്ടുകളുടെ നടകളിൽ)

രണ്ടാം സമ്മാനം- രാകേഷ് കെ കൂട്ടപ്പുന്ന (അയനം - അതിജീവിതത്തിന്റെ സഞ്ചാരപഥങ്ങൾ).

## പാലക്കാട്ട് ഓട്ടോറിക്ഷ അഴുക്കുചാലിൽ മറിഞ്ഞു; ഡ്രൈവർ മരിച്ചു, മൂന്നുപേർക്ക് പരിക്ക്

പാലക്കാട്: പാലക്കാട് ഓട്ടോറിക്ഷ അഴുക്കുചാലിൽ മറിഞ്ഞുണ്ടായ അപകടത്തിൽ ഒരാൾ മരിച്ചു. ഓട്ടോറിക്ഷ ഡ്രൈവറായ വെള്ളിനേഴി സ്വദേശി പ്രകാശൻ (50) ആണ് മരിച്ചത്. പാലക്കാട് പുവത്താണി പള്ളിക്കുന്നിലാണ് അപകടം. ക്ഷേത്ര ദർശനത്തിനായി പോയി തിരികെ വരുന്ന വഴിയായിരുന്നു അപകടം. ഓട്ടോറിക്ഷയിലെ മൂന്നു യാത്രക്കാർ നിസാര പരിക്കുകളോടെ രക്ഷപ്പെട്ടു.

# ആഗോള ആയുർവേദ, വെൽനസ് ദ്വിദിന കോൺക്ലേവിന് കോഴിക്കോട് വേദിയാകും

### ആഗോള ആയുർവേദ, വെൽനസ് ഹബ് എന്ന നിലയിൽ കേരളത്തിൻറെ സ്ഥാനം ഉയർത്തിക്കാട്ടുന്ന കോൺക്ലേവ് ഫെബ്രുവരി 2 ന് ടൂറിസം മന്ത്രി പി. എ. മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്യും

തിരുവനന്തപുരം: ആയുർവേദത്തിൻറെയും വെൽനസിൻറെയും ആഗോള കേന്ദ്രമെന്ന നിലയിൽ കേരളത്തിൻറെ സ്ഥാനം ഉയർത്തിക്കാട്ടുന്നത് ലക്ഷ്യമിട്ടുള്ള ആദ്യ അന്താരാഷ്ട്ര ആയുർവേദ, വെൽനസ് കോൺക്ലേവ് ഫെബ്രുവരി 2, 3 തീയതികളിൽ കോഴിക്കോട് നടക്കും.

ആയുർവേദ പ്രൊമോഷൻ സൊസൈറ്റി (എപിഎസ്), അനുബന്ധ ടൂറിസം/ആരോഗ്യ സംഘടനകൾ എന്നിവയുമായി സഹകരിച്ച് സംസ്ഥാന ടൂറിസം വകുപ്പാണ് കോൺക്ലേവ് സംഘടിപ്പിക്കുന്നത്. ആയുർവേദ പണ്ഡിതർ, ആഗോള വെൽനസ് വിദഗ്ധർ, നയരൂപീകർത്താക്കൾ, അക്കാദമിക് വിദഗ്ധർ, വ്യവസായ നേതാക്കൾ, ട്രാവൽ-വ്യാപാര പ്രൊഫഷണലുകൾ, അന്താരാഷ്ട്ര പങ്കാളികൾ എന്നിവരെ കോൺക്ലേവ് ഒരുമിച്ച് കൊണ്ടുവരും.

വിജ്ഞാന സഹകരണം, നയരൂപീകരണം, ബി2ബി നെറ്റ് വർക്കിംഗ്, ആഗോള സഹകരണം എന്നിവയ്ക്കുള്ള വേദിയായി കോൺക്ലേവ് മാറും. ലോകത്തിലെ ഏറ്റവും മികച്ച ആയുർവേദ-സമഗ്ര വെൽനസ് ടൂറിസ കേന്ദ്രമായി കേരളത്തെ ഉയർത്തിക്കാട്ടാൻ ഇതിലൂടെ സാധിക്കും.

കേരളത്തിൽ നിന്നുള്ള 100 സെല്ലർമാർ, 120 അന്താരാഷ്ട്ര ഏജൻറുമാർ/ഓപ്പറേറ്റർമാർ, 30 ഇന്ത്യൻ ഏജൻറുമാർ/ഓപ്പറേറ്റർമാർ, 30 യോഗ ഓപ്പറേറ്റർമാർ, 30 അന്താരാഷ്ട്ര-20 ഇന്ത്യൻ ബ്ലോഗർമാർ, മാധ്യമ പ്രതിനിധികൾ എന്നിവർക്കിടയിൽ ബി2ബി നെറ്റ്വർക്കിംഗിന് കോൺക്ലേവ് അവസരമൊരുക്കും.

മെഡിക്കൽ വാല്യു ട്രാവൽ, വെൽനസ് റിട്രീറ്റുകൾ, ആയുർവേദത്തിലൂടെയുള്ള ആരോഗ്യ സംരക്ഷണം, യോഗ ടൂറിസം എന്നിവയിൽ കേരളത്തിൻറെ സ്ഥാനം ശക്തിപ്പെടുത്തുന്നതിലും ഇത് ശ്രദ്ധ കേന്ദ്രീകരിക്കും.




കോൺക്ലേവിൻറെ ഒന്നാം ദിവസം (ഫെബ്രുവരി 2) 'ആയുർവേദത്തിലെ ആഗോള വിപണി പ്രവണതകൾ, ആയുർവേദത്തെയും യോഗയെയും വെൽനസ് ടൂറിസത്തിലേക്ക് സംയോജിപ്പിക്കൽ, ആയുർവേദത്തിലെ ഗവേഷണവും അന്താരാഷ്ട്ര സ്വീകാര്യതയും, മെഡിക്കൽ വാല്യു ട്രാവലും ആയുർവേദവും' എന്നീ വിഷയങ്ങളിൽ സെഷനുകൾ ഉണ്ടാകും.

കോൺക്ലേവിൻറെ രണ്ടാം ദിവസം (ഫെബ്രുവരി 3) 150 അന്താരാഷ്ട്ര-ആഭ്യന്തര ബയേഴ്സിനേയും കേരളത്തിൽ നിന്നുള്ള 100 ആയുർവേദ സേവന ദാതാക്കളെയും ബന്ധിപ്പിക്കുന്ന ബി2ബി പരിപാടി നടക്കും.

കോൺക്ലേവിൻറെ ഭാഗമായെത്തുന്ന പ്രതിനിധികൾക്കായി ഫെബ്രുവരി 4 ന് കോഴിക്കോട് നിന്ന് ആരംഭിച്ച് ഫെബ്രുവരി 12 ന് തിരുവനന്തപുരത്ത് അവസാനിക്കുന്ന വിധത്തിൽ പഠന-വിനോദയാത്രയും ആസൂത്രണം ചെയ്തിട്ടുണ്ട്.

ഇതിൻറെ ഭാഗമായി ആയുർവേദ റിസോർട്ടുകൾ, വെൽനസ് റിട്രീറ്റുകൾ, യോഗ ഡെസ്റ്റിനേഷനുകൾ, ആയുർവേദ ആശുപത്രികൾ, സംസ്ഥാനത്തുടനീളമുള്ള ആയുർവേദ നിർമ്മാണ കേന്ദ്രങ്ങൾ തുടങ്ങിയവ പ്രതിനിധികൾ സന്ദർശിക്കും. കേരള കലാമണ്ഡലം, കൊച്ചി മുസിരിസ് ബിനാലെ, കൊച്ചി പോർട്ട് ക്രൂയിസ് തുടങ്ങിയ സാംസ്കാരിക,

പൈതൃക ഇടങ്ങളും സന്ദർശിക്കാനാകും. കേരളത്തിൻറെ ആയുർവേദ, വെൽനെസ്, സാംസ്കാരിക ആവാസവ്യവസ്ഥകളെക്കുറിച്ച് അന്താരാഷ്ട്ര പ്രതിനിധികൾക്ക് സമഗ്രവിവരം നല്കാൻ ഇതിലൂടെ സാധിക്കും.

മെഡിക്കൽ വാല്യു ട്രാവൽ, സുസ്ഥിര വെൽനസ് ടൂറിസം എന്നിവയിലെ കേരളത്തിൻറെ സാധ്യതകൾ തുറന്നുകാട്ടാൻ കോൺക്ലേവിലെ നയസംഭാഷണങ്ങൾ, ആഗോള നെറ്റ് വർക്കിംഗ്, ശാസ്ത്ര സെഷനുകൾ, വൻതോതിലുള്ള വ്യാപാര ഇടപെടലുകൾ തുടങ്ങിയവ സഹായകമാകും.

## കുടുംബ കേസുകളിൽ വ്യാജ തെളിവുണ്ടാക്കാൻ എഐ, ആശങ്കയറിയിച്ച് സുപ്രീം കോടതി

ന്യൂഡൽഹി: വിവാഹമോചനവും ജീവനാംശവുമായി ബന്ധപ്പെട്ട കേസുകളിൽ പങ്കാളികൾക്കെതിരെ വ്യാജ തെളിവുകൾ നിർമ്മിക്കാൻ ആർട്ടിഫിഷ്യൽ ഇൻറലിജൻസ് (എഐ) വ്യാപകമായി ഉപയോഗിക്കപ്പെടുന്നതിൽ കടുത്ത ആശങ്ക രേഖപ്പെടുത്തി സുപ്രീം കോടതി

ഇത്തരം കേസുകളിൽ വ്യാജ ആരോപണങ്ങൾ ഉന്നയിക്കുന്ന പ്രവണത വർധിച്ചുവരികയാണെന്നും ജസ്റ്റിസുമാരായ വിക്രം നാഥ്, സന്ദീപ് മേത്ത എന്നിവരടങ്ങിയ ബെഞ്ച് നിരീക്ഷിച്ചു.

പങ്കാളിയെ കുടുക്കുന്നതിനായി ഡീപ് ഫേക്ക് സാങ്കേതികവിദ്യയും മറ്റ് എഐ ടൂളുകളും ഉപയോഗിച്ച് വ്യാജ ചിത്രങ്ങൾ, വീഡിയോകൾ, ഓഡിയോ സന്ദേശങ്ങൾ എന്നിവ നിർമിക്കുന്നതായി കോടതി കണ്ടെത്തി. ഇവ പലപ്പോഴും യഥാർത്ഥമാണെന്ന് തോന്നിപ്പിക്കുന്ന തരത്തിലുള്ളവയാണെന്നും കോടതി പറഞ്ഞു.

വിവാഹബന്ധം വേർപിരിയുന്ന ഘട്ടത്തിൽ പരസ്പരം പീഡിപ്പിക്കുന്നതിനായി മനഃപൂർവ്വം തെറ്റായ ആരോപണങ്ങൾ ഉന്നയിക്കുന്നത് പതിവാകുകയാണ്. ഇത് നീതിന്യായ വ്യവസ്ഥയെ വഴിതെറ്റിക്കാൻ കാരണമാകുന്നതായും കോടതി പറഞ്ഞു. ഡിജിറ്റൽ തെളിവുകൾ ഹാജരാക്കുമ്പോൾ അവയുടെ ആധികാരികത പരിശോധിക്കാൻ കർശനമായ മാനദണ്ഡങ്ങൾ വേണമെന്നും ഫോറൻസിക് പരിശോധനകളിലൂടെ മാത്രമേ ഇത്തരം തെളിവുകൾ സ്വീകരിക്കാവൂ എന്നും കോടതി സൂചിപ്പിച്ചു.

ഇത്തരത്തിലുള്ള കേസുകളുടെ ബാഹുല്യം കാരണം കോടതികളുടെ സമയം നഷ്ടപ്പെടുന്നതായും ബെഞ്ച് ചൂണ്ടിക്കാട്ടി. സാങ്കേതികവിദ്യ ദുരുപയോഗം ചെയ്ത് കോടതിയെ തെറ്റിദ്ധരിപ്പിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്നും കോടതി മുന്നറിയിപ്പ് നൽകി.

## ഓടുന്ന ട്രെയിനിൽ നിന്ന് തള്ളിയിട്ട് ഫോൺ മോഷ്ടാവ്; യുവാവിന്റെ കാൽ അറ്റു.

മുംബൈ: മഹാരാഷ്ട്രയിലെ താനെയിൽ യുവാവിനെ ഓടുന്ന ട്രെയിനിൽ നിന്നു തള്ളിയിട്ട് ഫോൺ മോഷ്ടാവ്. ബദ്‌ലാപുർ സ്വദേശിയായ റിതേഷ് രാകേഷ് യെരുങ്കറാണ് ആക്രമണത്തിനിരയായത്. ട്രെയിനിന്റെ ചക്രങ്ങൾ കയറി കാൽ അറ്റുപോയ റിതേഷ് ഗുരുതരാവസ്ഥയിൽ ചികിത്സയിലാണ്. സംഭവത്തിൽ കൈലാഷ് ബാലകൃഷ്ണ ജാദവ് എന്നയാളെ പൊലീസ് അറസ്റ്റ് ചെയ്തു. താനെയിലെ സ്വകാര്യ മാളിൽ ജോലി ചെയ്യുന്ന റിതേഷ് ജോലി കഴിഞ്ഞ് ട്രെയിനിൽ വീട്ടിലേക്ക് മടങ്ങുമ്പോഴാണ് സംഭവം.

അംബർനാഥ് സ്റ്റേഷനിൽ നിന്ന് ട്രെയിൻ പുറപ്പെടുമ്പോൾ, റിതേഷിന്റെ അടുത്തിരുന്ന കൈലാഷ് പെട്ടെന്ന് ഫോൺ തട്ടിയെടുക്കുകയായിരുന്നു. ചെറുത്തുനിന്ന റിതേഷിനെ ട്രെയിനിന്റെ വാതിലിനടുത്തേക്ക് തള്ളിയിട്ടു. ഓടിക്കൊണ്ടിരിക്കുന്ന ട്രെയിനിൽ നിന്ന് വീണ റിതേഷിന്റെ ഇടതു കാലിനു മുകളിലൂടെ ട്രെയിനിന്റെ ചക്രങ്ങൾ കയറി ഇറങ്ങുകയും കാൽമുട്ടിന് താഴേക്ക് അറ്റുപോകുകയും ചെയ്തു. തലയുടെ പിൻഭാഗത്തും മുഖത്തും ഗുരുതരമായ പരിക്കുകളുണ്ട്. ഉടൻ തന്നെ റെയിൽവേ പൊലീസ് അടുത്തുള്ള ആശുപത്രിയിൽ പ്രവേശിപ്പിച്ചു

## എൻഡിടിവി സർവേ: വി. ഡി. സതീശൻ മുഖ്യമന്ത്രിയാകണം, പിണറായിയോട് പ്രിയം പോര, തന്റെ പേരില്ലാത്തതിൽ സന്തോഷമെന്ന് ചെന്നിത്തല

ന്യൂഡൽഹി: കേരളത്തിൽ ഭരണവിരുദ്ധ വികാരം നിലനിൽക്കുന്നുണ്ടെന്ന് എൻഡിടിവി സർവേ. വോട്ട്വൈബ് സർവേയിൽ 51.9 ശതമാനം പേരാണ് സർക്കാരിനെതിരെ വോട്ട് ചെയ്തത്.

31 ശതമാനം പേർ വളരെ മോശം ഭരണമാണെന്നും 20. 9 ശതമാനം പേർ മോശം ഭരണമെന്നും അഭിപ്രായപ്പെട്ടു. 23.8 ശതമാനം പേർ വളരെ മികച്ച ഭരണമാണെന്നും 10. 7 ശതമാനം പേർ നല്ല ഭരണമെന്നും 11.8 ശതമാനം പേർ ശരാശരി ഭരണമാണെന്നും അഭിപ്രായപ്പെട്ടു. 1.8 ശതമാനം അഭിപ്രായം രേഖപ്പെടുത്തിയില്ല. പ്രതിപക്ഷ നേതാവ് വി. ഡി. സതീശൻ മുഖ്യമന്ത്രിയാകണമെന്ന് സർവേയിൽ പങ്കെടുത്ത 22.4 ശതമാനം പേർ അഭിപ്രായപ്പെട്ടു. മുഖ്യമന്ത്രി പിണറായി വിജയൻ വീണ്ടും മുഖ്യമന്ത്രിയാകണമെന്ന് 18 ശതമാനം പേരും കെ. കെ. ശൈലജ മുഖ്യമന്ത്രിയാകണമെന്ന് 16.9 ശതമാനം പേരും ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ മുഖ്യമന്ത്രിയാകണമെന്ന് 14.7 ശതമാനം പേരും ശശി തരൂർ എംപി മുഖ്യമന്ത്രിയാകണമെന്ന് 9.8 ശതമാനം പേരും അഭിപ്രായപ്പെട്ടു.

സർവേയിൽ യുഡിഎഫിനെ 32.7 ശതമാനം ആളുകൾ അനുകൂലിച്ചു. എൽഡിഎഫിനെ 29.3 ശതമാനം പേരും എൻഡിഎയെ 19.8 ശതമാനം പേരും മറ്റുള്ളവരെ മൂന്ന് ശതമാനം പേരും അനുകൂലിച്ചു. അതേസമയം എൻഡിടിവി സർവേയിൽ തന്റെ പേരില്ലാത്തതിൽ സന്തോഷമെന്ന് മുതിർന്ന കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തല മാധ്യമങ്ങളോട് പ്രതികരിച്ചു. ഒരു പണിയുമില്ലാത്ത ചിലരാണ് സർവേ നടത്തുന്നതെന്നും പാർട്ടി സർവേ നടത്തുന്നില്ലെന്നും അദ്ദേഹം പറഞ്ഞു.

## ഏകദിന റാങ്കിംഗിൽ രണ്ടാം സ്ഥാനത്തായി കോഹ്‌ലി; മിച്ചൽ ഒന്നാമത്

ദുബായി: ഐസിസി ഏകദിന റാങ്കിംഗിൽ ബാറ്റർമാരുടെ പട്ടികയിൽ രണ്ടാം സ്ഥാനത്തായി വിരാട് കോഹ്‌ലി. ന്യൂസിലൻഡിനെതിരായ ഏകദിന പരമ്പരയ്ക്ക് പിന്നാലെ വന്ന റാങ്കിംഗിലാണ് ഒന്നാം സ്ഥാനത്തുണ്ടായിരുന്ന കോഹ്‌ലി രണ്ടാമതായത്. പരമ്പരയിൽ മികച്ച പ്രകടനം കാഴ്ചവച്ചിട്ടും മുൻ ഇന്ത്യൻ ക്യാപ്റ്റന് ഒന്നാം സ്ഥാനം നിലനിർത്താനായില്ല.

ന്യൂസിലൻഡ് താരം ഡാരൽ മിച്ചലാണ് ഒന്നാം സ്ഥാനത്ത്. ഇന്ത്യയ്ക്കെതിരായ ഏകദിന പരമ്പരയിൽ രണ്ട് സെഞ്ചുറികളുമായി മിന്നും പ്രകടനമാണ് താരം പുറത്തെടുത്തത്. ഏകദിന പരമ്പരയിലെ മൂന്ന് കളികളിൽ 84,131,137 എന്നിങ്ങനെയായിരുന്നു മിച്ചലിന്റെ സ്കോറുകൾ. 845 റേറ്റിംഗ് പോയിൻറുമായാണ് മിച്ചൽ ഒന്നാം സ്ഥാനത്തെത്തിയത്. 795 റേറ്റിംഗ് പോയിൻറാണ് വിരാട് കോഹ്‌ലിക്കുള്ളത്. ന്യൂസിലൻഡിനെതിരായ ഏകദിന പരമ്പരയ്ക്ക് മുമ്പ് ഡാരൽ മിച്ചലിനെക്കാൾ 50 റേറ്റിംഗ് പോയിൻറ് മുന്നിലായിരുന്നു കോഹ്‌ലി.

അഫ്ഗാനിസ്ഥാൻ താരം ഇബ്രാഹിം സർദ്രാൻ ആണ് മൂന്നാം സ്ഥാനത്ത്. മുൻ ഇന്ത്യൻ ക്യാപ്റ്റൻ രോഹിത് ശർമയെ പിന്തള്ളിയാണ് സർദ്രാനൻ മൂന്നാമതെത്തിയത്. രോഹിത് നാലാം സ്ഥാനത്താണുള്ളത്.

## കാട്ടാന കൂറ്റൻ മരം മറിച്ചിട്ട് വീടു തകർത്തു

തൊടുപുഴ: വണ്ണപ്പുറം പഞ്ചായത്തിലെ മുള്ളരിങ്ങാട് അമയൽതൊട്ടിക്കു സമീപം ജനവാസ മേഖലയിലിറങ്ങിയ കാട്ടാന വീടു തകർത്തു. കൂറ്റൻ മരം കാട്ടാന വീടിനു മുകളിലേക്ക് മറിച്ചിടുകയായിരുന്നു. മരം വീണതിനെത്തുടർന്നു വീട് പൂർണമായും തകർന്നു. നരിതൂക്കിൽ ജോണിയുടെ വീടാണ് തകർന്നത്. ഇന്നു പുലർച്ചെ നാലരയോടെയായിരുന്നു സംഭവം. പകൽ സമയം വീട്ടിൽ ആളുണ്ടായിരുന്നെങ്കിലും കാട്ടാന ഭീതിയെത്തുടർന്ന് ഇന്നലെ രാത്രി ആരും തങ്ങാതിരുന്നതിനാൽ വലിയ ദുരന്തം ഒഴിവായി. വലിയ തോതിൽ കാട്ടാന ഭീഷണി നില നിൽക്കുന്നയിടമാണ് മുള്ളരിങ്ങാട് മേഖല.

2024 ഡിസംബർ 29ന് അമയൽതൊട്ടി സ്വദേശി പാലിയത്ത് ഇബ്രാഹിമിന്റെ മകൻ അമർ ഇബ്രാഹിം (22) കാട്ടാന ആക്രമണത്തിൽ കൊല്ലപ്പെട്ടിരുന്നു. സുഹൃത്ത് ബ്ലാങ്കരയിൽ മൻസൂറിന് (41) പരിക്കേൽക്കുകയും ചെയ്തു. ഇവിടെനിന്ന് 500 മീറ്റർ മാത്രം ദൂരെയാണ് ഇപ്പോൾ കാട്ടാന ആക്രമണമുണ്ടായിരിക്കുന്നത്. വലിയ ശബ്ദം കേട്ടെങ്കിലും ഭീതി മൂലം ആളുകൾ പുറത്തിറങ്ങിയില്ല. നേരം പുലർന്ന ശേഷം പ്രദേശവാസികൾ എത്തിയപ്പോഴാണ് വീടു തകർന്നു കിടക്കുന്നതു കണ്ടത്. കാട്ടാനയെ പ്രതിരോധിക്കാനുള്ള വൈദ്യുത വേലിയോടു ചേർന്നുനിന്ന മരമാണ് ആന മറിച്ചിട്ടത്. വൈദ്യുത വേലിയും തകർന്നിട്ടുണ്ട്. ഒട്ടേറെ മരങ്ങളും കാർഷിക വിളകളും തകർത്ത ശേഷമാണ് കാട്ടാന പിൻവാങ്ങിയത്. സംഭവമറിഞ്ഞ് കോതമംഗലം ഡിഎഫ്ഒ ഉൾപ്പെടെ വനംവകുപ്പുദ്യോഗസ്ഥരും പഞ്ചായത്ത് പ്രസിഡൻറ് ജോസഫ് അറയ്ക്കത്തോട്ടവും ജന പ്രതിനിധികളും റവന്യു അധികൃതരും സ്ഥലത്തെത്തി.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# 'വർഗീയതയോട് ഒരിക്കലും സമരസപ്പെട്ടിട്ടില്ല': വിവാദ പ്രസ്താവനയിൽ ഖേദം പ്രകടിപ്പിച്ച് മന്ത്രി സജി ചെറിയാൻ

തിരുവനന്തപുരം: മലപ്പുറവുമായി ബന്ധപ്പെട്ട് നടത്തിയ വിവാദ പ്രസ്താവനയിൽ ഖേദം പ്രകടിപ്പിച്ച് മന്ത്രി സജി ചെറിയാൻ. പ്രസ്താവന പിൻവലിച്ച് അദ്ദേഹം വാർത്താക്കുറിപ്പ് പുറത്തിറക്കി. പാർട്ടി നേതൃത്വത്തിന്റെ അഭിപ്രായം പരിഗണിച്ചാണ് നടപടി.

ഞാൻ എന്റെ ജീവിതത്തിൽ ഇന്നുവരെ സ്വീകരിച്ചതും പുലർത്തിയതുമായ മതനിരപേക്ഷമായ തന്റെ നിലപാടിനെ വ്രണപ്പെടുത്തുന്നതാണ് ഇപ്പോൾ നടക്കുന്ന വസ്തുതാവിരുദ്ധമായ പ്രചാരണങ്ങളെന്നാണ് അദ്ദേഹം വാർത്താക്കുറിപ്പിൽ പറയുന്നത്.

തന്റെ പൊതുജീവിതത്തെ വർഗീയതയുടെ ചേരിയിൽ നിർത്തി ചോദ്യം ചെയ്യുന്നത് ഒരിക്കലും സഹിക്കാൻ കഴിയുന്ന കാര്യമല്ലെന്നും തന്റെ പൊതുജീവിതം ഒരു വർഗീയതയോടും സമരസപ്പെട്ടല്ല കടന്നുപോയതെന്നും സജി ചെറിയാൻ പറയുന്നു.

താൻ പറഞ്ഞതിൽ തെറ്റിദ്ധരിച്ച് തന്റെ ഉദ്ദേശശുദ്ധിയെ മനസിലാക്കാതെ ആർക്കെങ്കിലും വേദനയോ പ്രയാസമോ ഉണ്ടാക്കിയിട്ടുണ്ടെങ്കിൽ നിർവ്യാജം ഖേദം പ്രകടിപ്പിക്കുന്നുവെന്നും താൻ നടത്തിയ പ്രസ്താവന പിൻവലിക്കുന്നുവെന്നും അദ്ദേഹം അറിയിച്ചു.

സമസ്തയും ഇന്ത്യൻ നാഷണൽ ലീഗും സജിയുടെ പ്രസ്താവനക്കെതിരേ രംഗത്ത് വന്നിരുന്നു. പ്രതിപക്ഷത്തു നിന്നും രൂക്ഷ വിമർശനം ഉയർന്ന സാഹചര്യത്തിലാണ് സജി ചെറിയാൻ പ്രസ്താവന തിരുത്തിയത്.

സജി ചെറിയാന്റെ പത്രക്കുറിപ്പ് ഇങ്ങനെ:

കഴിഞ്ഞ ദിവസം ഞാൻ പറഞ്ഞ വാക്കുകളെ വളച്ചൊടിച്ച് ഒരു വിഭാഗത്തിനെതിരെ പറഞ്ഞു എന്ന നിലയിൽ നടത്തുന്ന പ്രചാരണം എന്നെ വളരെയധികം വേദനിപ്പിക്കുന്നു. ഞാൻ എന്റെ ജീവിതത്തിൽ ഇന്നുവരെ സ്വീകരിച്ചതും പുലർത്തിയതുമായ മതനിരപേക്ഷമായ എന്റെ നിലപാടിനെ വ്രണപ്പെടുത്തുന്നതാണ് ഇപ്പോൾ നടക്കുന്ന വസ്തുതാവിരുദ്ധമായ പ്രചാരണങ്ങൾ.

മതചിന്തകൾക്കതീതമായി എല്ലാ മനുഷ്യരെയും ഒരുപോലെ ജാതി, മത വ്യത്യാസമില്ലാതെ സ്നേഹിക്കുകയും അവർക്കു വേണ്ടി പ്രവർത്തിക്കുകയും ചെയ്യുന്ന എന്റെ പൊതുജീവിതത്തെ വർഗീയതയുടെ ചേരിയിൽ നിർത്തി ചോദ്യം ചെയ്യുന്നത് ഒരിക്കലും സഹിക്കാൻ കഴിയുന്ന കാര്യമല്ല.

രാജ്യത്താകമാനം ന്യൂനപക്ഷ വിഭാഗങ്ങൾക്കെതിരെ ആക്രമണം നടത്തുമ്പോൾ അതിനെതിരെ നിരന്തരം ശക്തമായി പ്രതികരിക്കുന്ന സിപിഎം പ്രവർത്തകൻ എന്ന നിലയിൽ കഴിഞ്ഞ 42 വർഷത്തെ എന്റെ പൊതുജീവിതം ഒരു വർഗീയതയോടും സമരസപ്പെട്ടല്ല പോയത്. ഇതിന്റെയെല്ലാം ഫലമായി ഒരുപാട് തിക്താനുഭവങ്ങൾ നേരിട്ടയാളുകൂടിയാണ് ഞാൻ. അത് എന്റെ നാട്ടിലെ ജനങ്ങൾക്കും എന്നെ അറിയുന്നവർക്കും അറിയാവുന്ന കാര്യമാണ്.

എന്റെ പ്രസ്താവന വളച്ചൊടിച്ചതാണെങ്കിലും ആ പ്രചാരണം എന്റെ സഹോദരങ്ങൾക്കു പ്രയാസവും വേദനയും ഉണ്ടാക്കിയതായി ഞാൻ മനസിലാക്കുന്നു. ഞാൻ ബഹുമാനിക്കുന്ന ചില വ്യക്തികളും ആത്മീയ സംഘടനകളും ആത്മീയ നേതാക്കളും എന്നെ തെറ്റിദ്ധരിച്ചു എന്നതും എന്നെ വേദനിപ്പിക്കുന്നു. ഞാൻ പറഞ്ഞതിൽ തെറ്റിദ്ധരിച്ച് എന്റെ ഉദ്ദേശശുദ്ധിയെ പ്രയാസമോ ആർക്കെങ്കിലും വേദനയോ മനസിലാക്കാതെ ഉണ്ടാക്കിയിട്ടുണ്ടെങ്കിൽ നിർവ്യാജം ഖേദം പ്രകടിപ്പിക്കുന്നു. ഞാൻ നടത്തിയ പ്രസ്താവന പിൻവലിക്കുന്നു.



തിരുവനന്തപുരത്ത് മൂന്ന് ദിവസമായി നടന്നുവന്ന ഭിന്നശേഷിക്കാർക്കായുള്ള 'സവിശേഷ സർഗോത്സവത്തിന്റെ സമാപനം ഉദ്ഘാടനം ചെയ്ത് മുഖ്യമന്ത്രി പിണറായി വിജയൻ സംസാരിക്കുന്നു

# ഓരോ ഭിന്നശേഷി വ്യക്തിയും നാടിന്റെ അഭിമാനമെന്ന് മുഖ്യമന്ത്രി

ഓരോ ഭിന്നശേഷി വ്യക്തിയും നാടിന്റെ അഭിമാനമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. 'നമ്മുടെ സമൂഹം ഭിന്നശേഷിക്കാരെ നല്ല മനോഭാവത്തോടെയാണ് ഇപ്പോൾ കാണുന്നത്. തുല്യത എന്ന ബോധം നാടിനുണ്ട്. അതുകൊണ്ടാണ് ഭിന്നശേഷി ക്ഷേമത്തിൽ നിന്ന് ഭിന്നശേഷി അവകാശത്തിലേക്ക് നാം ചുവടുമാറ്റിയത്. നിങ്ങൾ ഓരോരുത്തരും നാടിന്റെ അഭിമാനമാണ്,' തിരുവനന്തപുരത്ത് മൂന്ന് ദിവസമായി നടന്നുവന്ന ഭിന്നശേഷിക്കാർക്കായുള്ള 'സവിശേഷ' സർഗോത്സവത്തിന്റെ സമാപനം ഉദ്ഘാടനം ചെയ്തു സംസാരിക്കവെ മുഖ്യമന്ത്രി പറഞ്ഞു.

ഞങ്ങൾക്ക് കഴിയാത്തത് ഒന്നുമില്ല എന്ന ഭിന്നശേഷി സമൂഹത്തിന്റെ ഉറച്ച പ്രഖ്യാപനമാണ് 'സവിശേഷ'. കഴിവുകൾക്ക് അതിരുകളില്ല എന്ന് നിങ്ങൾ തെളിയിച്ചു. നിങ്ങളുടെ മനക്കരുത്ത് യുവതലമുറയ്ക്ക് പാഠമാണെന്ന് മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി.

ബാരിയർ ഫ്രീ പദ്ധതിയുടെ ഭാഗമായി സർക്കാർ സ്ഥാപനങ്ങളും ഓഫീസുകളും ഭിന്നശേഷി സൗഹൃദമാക്കി മാറ്റിയതും ഭിന്നശേഷിക്കാർക്കുള്ള സംവരണ തോത് കൂട്ടിയതും പെൻഷൻ തുക വർധിപ്പിച്ചതും 'അനുയാത്ര' പോലെ ഭിന്നശേഷി ക്ഷേമത്തിനായി സർക്കാർ നടപ്പാക്കിയ വിവിധ പദ്ധതികളും മുഖ്യമന്ത്രി വിശദീകരിച്ചു.

സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷനിൽ അപേക്ഷ നൽകിയ എല്ലാവർക്കും മുച്ചക്ര വാഹനവും ഇ-വീൽചെയറും വിതരണം ചെയ്യുമെന്ന് പരിപാടിയിൽ അധ്യക്ഷത വഹിച്ച സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ. ആർ ബിന്ദു അറിയിച്ചു. ആശ്വാസകിരണം പദ്ധതിയുടെ പ്രയോജനം 27,000 ത്തിൽ കൂടുതൽ പേർക്ക് കൂടി വ്യാപിപ്പിച്ചിട്ടുണ്ട്.ഡി കെ മുരളി എംഎൽഎ, സാമൂഹ്യ നീതി വകുപ്പ് സ്പെഷ്യൽ സെക്രട്ടറി അദീല അബ്ദുള്ള, അഡീഷണൽ ഡയറക്ടർ ജലജ എസ്, ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ ചെയർപേഴ്സൺ ജയഡാലി എം വി, സംസ്ഥാന ഭിന്നശേഷി കമ്മീഷണർ പി ടി ബാബുരാജ് തുടങ്ങിയവർ സംബന്ധിച്ചു.

## ബേക്കറിയിൽ ഭീകരാന്തരീക്ഷം സൃഷ്ടിച്ച് പുലി; 10 മണിക്കുർ നീണ്ട ശ്രമത്തിനൊടുവിൽ പിടിയിൽ

ദാമൻ: കേന്ദ്രഭരണപ്രദേശമായ ദാമനിൽ ബേക്കറിയിൽ ഭീകരാന്തരീക്ഷം സൃഷ്ടിച്ച പുലിയെ 10 മണിക്കൂർ നീണ്ട ശ്രമത്തിനു ശേഷം പിടികൂടി. ചൊവ്വാഴ്ച രാവിലെ 11: 30 ഓടെയാണ് നാനി ദാമൻ മേഖലയിലെ ബേക്കറിയിൽ പുലി കയറിയത്. ഉടൻ തന്നെ പോലീസും വനം വകുപ്പ് ഉദ്യോഗസ്ഥരും സ്ഥലത്തെത്തി പുലിയെ പിടിക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചിരുന്നു. ഇതിനിടയിൽ പുലി കെട്ടിടത്തിന്റെ മൂന്നാം നിലയിലേക്ക് ചാടി. മയക്കുവെടിവച്ചും വലകൾ ഉപയോഗിച്ചും പിടികൂടാൻ ശ്രമിക്കുകയും കൂട് സ്ഥാപിക്കുകയും ചെയ്തുവെങ്കിലും പുലി കൂടുതൽ അക്രമാസക്തമാവുകയാണ് ചെയ്തത്. തുടർന്ന് മഹാരാഷ്ട്രയിലെ ദഹാനുവിൽ നിന്ന് ഒരു സംഘം എത്തി പുലിയെ പിടികൂടി കൂട്ടിലാക്കുകയായിരുന്നു. നിസാര പരിക്കേറ്റ ഒരു വനം വകുപ്പ് ജീവനക്കാരൻ ആശുപത്രിയിൽ ചികിത്സയിലാണ്. കഴിഞ്ഞ രണ്ട് ദിവസമായി ദാമനിലെ നഗരപ്രദേശങ്ങളിൽ പുലിയെ കണ്ടിരുന്നുവെന്ന് ഉദ്യോഗസ്ഥർ പറഞ്ഞു.

